വ്യവസായ പാർക്കുകൾ

125 (247) ശ്രീ. സി. മൊയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്ന പദ്ധതിയനുസരിച്ച് സംസ്ഥാനത്ത് ഇതുവരെ എത്ര പാർക്കുകൾ പ്രവർത്തനം ആരംഭിച്ചു ;

(ബി) അവ ഏതൊക്കെ മണ്ഡലങ്ങളിലാണെന്ന് അറിയിക്കുമോ ;

(സി) മറ്റ് മണ്ഡലങ്ങളിൽ പാർക്കുകൾ ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണന്ന് വ്യക്തമാക്കാമോ ;

(ഡി) ഇവിടെ പാർക്കുകൾ തുടങ്ങാൻ എന്തൊക്കെ സഹായങ്ങൾ നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ്ഥലം വാഗ്ദാനം ലഭിച്ച 37 മണ്ഡലങ്ങളിൽ ഇതുവരെ കൈവശം സ്ഥലം ലഭിച്ച 11 നിയോജക മണ്ഡലങ്ങളിൽ അടിസ്ഥാന വികസന പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. ബാക്കി 24 മണ്ഡലങ്ങളിൽ ഭൂമി കൈമാറ്റം സംബന്ധിച്ച് നടപടികൾ നടന്നുവരുന്നു.

(ബി) കൊയിലാണ്ടി, പട്ടാമ്പി, തൃശ്ശൂർ, അങ്കമാലി, ചേലക്കര, കോട്ടയം, മാരാരിക്കുളം, അമ്പലപ്പുഴ, തിരുവല്ല, ചാത്തന്നൂർ, കഴക്കൂട്ടം എന്നീ മണ്ഡലങ്ങളിലാണ് വികസ പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

(സി) പാർക്കിനുവേണ്ട സ്ഥലം ലഭിച്ചിട്ടില്ലാത്തതിനാൽ.

(ഡി) ഓരോ നിയോജകമണ്ഡലത്തിലും അഞ്ച് ഏക്കറിൽ കുറയാത്ത ഭൂമി സൗജന്യമായി ലഭിക്കുന്ന മുറയ്ക്ക് സ്ഥലം എം.എൽ.എ മാരേയും ബന്ധപ്പെടുത്തി പാർക്കിനുള്ള പ്രവർത്തനങ്ങൾ തുടങ്ങുക എന്നതാണ് പരിപാടി. ഇതിനുള്ള മോഡൽ ഏജൻസി സിഡ്കോയ്ക്കുണ്ട്. ഇതിനോടകം പദ്ധതിക്കായി 55 ലക്ഷം രൂപ ലഭ്യമാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ തുക നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

ജിയോ ടെക്സ്റ്റയിൽസിന്റെ ഉല്പാദനം

126 (248) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. സി. കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് കയർ വികസന കോർപ്പറേഷന്റെ മേൽനോട്ടത്തിലുള്ള ജിയോ ടെക്സ്റ്റയിൽസിന്റെ ഉല്പാദനം, വിപണനം എന്നിവ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ജിയോ ടെക്സ്റ്റയിൽസിന്റെ ഉല്പാദന വിപണന മേഖലയിൽ കൈവരിക്കാനായ നേട്ടങ്ങൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ റോഡു വികസനം, സോയിൽ കൺസർവേഷൻ എന്നിവ പൊതുമരാമത്ത്, വനം, ഇറിഗേഷൻ എന്നീ വകുപ്പുകളുടെ പ്രവർത്തനവുമായി സഹകരിച്ച് നടപ്പാക്കുന്നുണ്ടോ ; ഇതിന്റെ ഫലമായി ജിയോ ടെക്സ്റ്റയിൽസിന്റെ ഉപയോഗം വർദ്ധിപ്പിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

(ഡി) സംസ്ഥാനത്ത് ഇപ്പോൾ ജിയോ ടെക്സ്റ്റയിൽസിന്റെ ഉല്പാദനം വർദ്ധിച്ചുവോ ; എങ്കിൽ എത്ര ;

(ഇ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ജിയോ ടെക്സ്റ്റയിൽസിന് വിദേശ മാർക്കറ്റ് കണ്ടെത്തുന്നതിനുവേണ്ടി എന്തെങ്കിലും പരിശ്രമം നടത്തിവരുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(എഫ്) സംസ്ഥാനത്ത് ജിയോ ടെക്സ്റ്റയിൽസിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ചെറുകിട കയറുല്പാദകരിൽ നിന്നും കയർ സംഭരിച്ചുവരുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) ജിയോടെക്സ്റ്റയിൽസിന്റെ ഉല്പാദനം കാര്യക്ഷമമാക്കാനുള്ള തുടർ നടപടി എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കയർ ജിയോ ടെക്സ്റ്റയിൽസ് ഡവലപ്മെന്റ് പ്രോഗ്രാം നടപ്പിലാക്കുന്നതിന് (കയർ വികസന വകുപ്പിന്റെ നേതൃത്വത്തിൽ) കേരള സംസ്ഥാന കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ സ്ഥാപനങ്ങളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പദ്ധതികളുടെ നടത്തിപ്പ് സംസ്ഥാനതലത്തിൽ കയർ വികസന ഡയറക്ടർ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനായി കയർ ഡയറക്ടറേറ്റിൽ ഒരു സെൽ രൂപീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക എങ്ങനെ വിനിയോഗിക്കണമെന്ന് ഡയറക്ടറേറ്റിൽ നിന്നും നിർദ്ദേശം നൽകി കഴിഞ്ഞിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനു സഹായിക്കാനായി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്ന ഏജൻസികൾ പാലിക്കേണ്ട മാർഗ്ഗ രേഖയും ഇറക്കികഴിഞ്ഞു. പദ്ധതിയുടെ പുരോഗതി വിലയിരുത്താനും മറ്റും വ്യവസായ വകുപ്പ് സെക്രട്ടറി ചെയർമാനും, കയർ വികസന ഡയറക്ടർ കൺവീനറായും ഒരു റിവ്യൂ കമ്മിറ്റിയും രൂപീകരിച്ചു കഴിഞ്ഞു. ഈ റിവ്യൂ കമ്മിറ്റി പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യാറുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി സഹകരണ മേഖലയിൽ 50 ജിയോടെക്സ്റ്റയിൽസ് ഉല്പാദന കേന്ദ്രങ്ങൾ ആരംഭിക്കുവാനാണ് വിഭാവന ചെയ്തിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെട്ട 14 സംഘങ്ങൾക്ക് 3 ലക്ഷം രൂപ വീതം ധനസഹായം നൽകുകയും അവയിൽ ജിയോടെക്സ്റ്റയിൽസ് ഉല്പാദനത്തിന് വേണ്ട ക്രമീകരണങ്ങൾ നടന്നുവരികയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നു. ഈ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന 100 പരീക്ഷണ പദ്ധതികൾക്ക് ആവശ്യമായ ഗുണനിലവാരത്തിൽ കയർ ജിയോ ടെക്സ്റ്റയിൽസ് ഉല്പാദിപ്പിച്ച് വിതരണം ചെയ്യാനാണ് ഉദ്ദേശം. വിവിധ തലത്തിലുള്ള പരീക്ഷണ പദ്ധതികൾ ആരംഭിക്കുന്ന മുറയ്ക്ക് കയർ ജിയോ ടെക്സ്റ്റയിൽസിന്റെ ഉല്പാദനം മേൽ സൂചിപ്പിച്ച കേന്ദ്രങ്ങളിൽ ആരംഭിക്കുന്നതാണ്.

(ബി) 100 പരീക്ഷണ പ്രോജക്ടുകൾ പൂർണ്ണമായി നടപ്പാക്കുന്നതോടെ ജിയോടെക്സ്റ്റയിൽസിന്റെ ഉല്പാദനം, വിപണനം എന്നീ മേഖലകളിൽ ഗണ്യമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) സംസ്ഥാനത്തെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(1) സോയിൽ കൺസർവേഷൻ

16 പദ്ധതികൾ.

ആകെ അടങ്കൽ : 8.5 കോടി രൂപ. കയർ ജിയോ ടെക്സ്റ്റയിൽസ് വിഹിതം-19 ലക്ഷം രൂപ.

(2) വനം വകുപ്പ്

കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് 6 ലക്ഷം രൂപയുടെ ഒരു റിസർച്ച് പ്രോജക്ട് ലഭിച്ചിട്ടുണ്ട്. ഇത് വനം വകുപ്പിന്റെ പരിഗണനയ്ക്കായി അയച്ചിരിക്കുന്നു.

(3) ഭൂഗർഭജല വികസനം.

ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിൽ നിന്നും 100 ഫിൽട്ടർ പോയിന്റ് കിണറുകൾ കയർ ജിയോ ടെക്സ്റ്റയിൽ ഉപയോഗപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള പദ്ധതി ലഭിച്ചിട്ടുണ്ട്.

(4) ജലസേചനം

ആകെ അടങ്കൽ 3.5 ലക്ഷം രൂപ വരുന്ന ഒരു പദ്ധതി ലഭിച്ചിട്ടുണ്ട്.

(5) റോഡ് വികസനം

ഉദ്ദേശം 1.65 കോടി രൂപ അടങ്കൽ വരുന്ന കൈനകരി പഞ്ചായത്ത് ഓഫീസ് റോഡിന്റെ നിർമ്മാണം പി. ഡബ്ല്യു.ഡി. വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കി വരുന്നു.

(ഡി) ജിയോ ടെക്സ്റ്റയിൽസിന്റെ ഉല്പാദനം സഹകരണ മേഖലയിലും, കേരള സംസ്ഥാന കയർ കോർപ്പറേഷനിലും ആരംഭിച്ചിട്ടുണ്ട്. 1998-99-ൽ സഹകാര്യമേഖലയിൽ നിന്നും 1208 ടണ്ണും, 99-2000-ൽ 1621 ടണ്ണും കയറ്റി അയച്ചിട്ടുണ്ട്. ഇതിൽ നിന്നും ഉല്പാദനത്തിലെ വർദ്ധനവ് വ്യക്തമാണ്.

(ഇ) ജിയോ ടെക്സ്റ്റയിൽസിന് വിദേശവിപണി കണ്ടെത്തുന്നതിന് അന്തർദ്ദേശീയ തലത്തിൽ 4 പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിന് വികസന പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. അന്തർദേശീയ തലത്തിൽ പരസ്യ

LIBRARY ARCHIVES Kerala Legislative Assembly

പ്രചരണങ്ങൾ നൽകാനും കയർ ഡയറക്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ ജിയോ ടെക്സ്റ്റയിൽസിനു മാത്രമായി ഒരു വെബ്സൈറ്റ് തുടങ്ങാനും പദ്ധതിയുണ്ട്. കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട് കയർ ജിയോടെക്സ്റ്റയിൽസ് അതിർത്തി റോഡുകളിൽ ഉപയോഗിക്കുന്നതിന് നിവേദനം നടത്തുകയും അതിർത്തി റോഡുകളിൽ കയർ ജിയോ ടെക്സ്റ്റയിൽസ് ഉപയോഗിക്കാൻ തുടങ്ങുകയും ചെയ്തിട്ടുണ്ട്.

(എഫ്) ജിയോ ടെക്സ്റ്റയിൽസ് ഉല്പാദനത്തിന് തെരഞ്ഞെടുക്കപ്പെട്ട 50 കയർ സഹകരണ സംഘങ്ങളെ ചുതമലപ്പെടുത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിനാവശ്യമായ കയർയാൺ കയർഫെഡിൽ നിന്നും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ ഉപയോഗം പ്രതീക്ഷിക്കുന്ന രീതിയിൽ വർദ്ധിപ്പിക്കാൻ സാധിച്ചാൽ സ്വകാര്യ ചെറുകിട കയർ ഉല്പാദകരിൽ നിന്നും കയർയാൺ സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

(ജി) ജിയോ ടെക്സ്റ്റയിൽസിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി 50 കയർ ജിയോ ടെക്സ്റ്റയിൽസ് ഉല്പാദന കേന്ദ്രങ്ങൾ ആരംഭിക്കുന്നു. ഇവിടെ ഉല്പാദിപ്പിക്കുന്ന കയർ ജിയോടെക്സറ്റയിൽസ് വിവിധ ഉപയോഗങ്ങൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന 100 പൈലറ്റ് പ്രോജക്ടുകൾക്കാണ് ഉപയോഗിക്കുക. ഇതിലൂടെ കയർ ജിയോടെസ്റ്റയിൽസ് എന്ന ഉല്പന്നത്തിന് വ്യക്തമായ സ്പെസിഫിക്കേഷന് രൂപം നൽകുന്നതാണ്. കൂടാതെ നിർമ്മാണ പ്രവർത്തനത്തിനുള്ള ഒരു അംഗീകൃത എഞ്ചിനീയറിംഗ് മെറ്റീരിയൽ എന്ന നിലയിൽ കയർ ജിയോടെക്സ്റ്റയിൽസിനെ പി. ഡബ്ല്യു.ഡി. മാനുവലിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ജിയോടെസ്റ്റയിൽസ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പരീക്ഷണ പദ്ധതികളിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ചുകൊണ്ടും, കയർ ജി.യോടെക്സ്റ്റയിൽസുമായി ബന്ധപ്പെട്ട് ദേശീയ അന്തർദേശീയ തലത്തിൽ ഉണ്ടായിട്ടുള്ള ഗവേഷണങ്ങളുടെ ഫലങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടും ഒരു ആധികാരിക ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതുമാണ്. ഈ പ്രവർത്തനങ്ങളുടെ കയർ ജിയോ ടെക്സ്റ്റയിൽസിന്റെ ഉല്പാദനം കാര്യക്ഷമമാക്കുവാൻ സാധിക്കുമെന്ന് കരുതുന്നു.

കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികളിലെ നവീകരണ പ്രവർത്തനങ്ങൾ

127 (254) ശ്രീ. രാജു എബ്രഹാം :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികളിലെ നവീകരണ പ്രവർത്തനങ്ങൾ സർക്കാർ പരിശോധിച്ചുവോ ;

LIBRARY ARCHIVES Kerala Legislative Assembly